**No. CEE/3737/MDA/2018/TA4**

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## പത്രക്കുറിപ്പ്

## പി. ജി ആയുർവ്വേദ കോഴ്സിലേയ്ക്കുള്ള പ്രവേശനം–2018 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിയ്ക്കുന്നു

2018–19 വർഷത്തെ ബിരുദാനന്തര ബിരുദ ആയുർവേദ (എം.ഡി.എ) കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **16.10.2018 (ചൊവ്വാഴ്ച)** ആരംഭിച്ചു.

പി.ജി ആയുർവേദ കോഴ്സിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **16.10.2018** മുതൽ **22.10.2018 രാവിലെ 10 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആയൂർവ്വേദ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് AIAPGET-2018 യോഗ്യത നേടി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും അലോട്ട്മെന്റിന് യോഗ്യതയുണ്ടായിരിക്കുന്നത്. **22.10.2018 രാവിലെ 10 മണി** വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **22.10.2018**–ന് ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2018 ഒക്ടോബർ 25**–നകം കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെട്ട വിജ്ഞാപനം www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104, 2332123.**

തിരുവനന്തപുരം
16.10.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**